എസ്.എസ്.ജി1/ജി ഫോം/2020/റ്റിസി ട്രാൻസ് പോർട്ട്, കമ്മീഷണറേറ്റ്, കേരളം

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഓ, തിരുവനന്തപുരം-14

(0471 2333317/2333337) തിയതി, 23.03.2020

ഇ-മെയിൽ : tcoffice.mvd@kerala.gov.in

പ്രേഷകൻ

ട്രാൻസ് പോർട്ട് കമ്മീഷണർ
തിരുവനന്തപുരം.

സ്വീകർത്താവ്

1.ഡെപ്യൂട്ടി ട്രാൻസ് പോർട്ട് കമ്മീഷണർമാർ
2.റീജ്യണൽ ട്രാൻേസ്പാർട്ട് ഓഫീസർമാർ
3. ജോയിന്റ് റീജ്യണൽ ട്രാൻസ് പോർട്ട് ഓഫീസർമാർ

സർ,

വിഷയം:-മോട്ടോർ വാഹന വകുപ്പ് – ഫോം ജി സമർപ്പിക്കുന്നത് സംബന്ധിച്ച് - നിർേദ്ദശങ്ങൾ നൽകുന്നത് –
സൂചന:-നിലവിലെ നിർേദ്ദശങ്ങൾ.

സൂചന പ്രകാരം വിവിധ വാഹനങ്ങൾക്ക് ഫോം ജി നൽകുന്നതുമായി ബന്ധപ്പെട്ട് നിർേദ്ദശങ്ങൾ നൽകിയിട്ടുള്ളതാണ്. എന്നാൽ കോവിഡ് 19 –മായി ബന്ധപ്പെട്ട നിലവിലെ സാഹചര്യത്തിൽ ഓഫീസുകളിൽ ഫീസ് സ്വീകരിക്കാൻ കഴിയാത്തതിനാലും, ഓൺ ലൈൻ ഫീസ് ഒടുക്കാൻ കഴിയാത്തതിനാലും, അപേക്ഷാ ഫീസായി, ബന്ധപ്പെട്ട ആർ. ടി.ഓ മാരുടെ പേരിൽ നിശ്ചിത തുകക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് എടുത്ത് ആയത് അപേക്ഷ സഹിതം അതാത് ഓഫീസുകൾക്ക് മുമ്പിൽ ക്രമീകരിച്ച് വച്ചിരിക്കുന്ന ഡ്രോപ് ബോക്സിൽ നിക്ഷേപിക്കുന്നതിനുള്ള അറിയിപ്പ് പ്രദർശിപ്പിക്കേണ്ടതാണ്. കൂടാതെ, ലഭിക്കുന്ന ഇ മെയിലിന് ട്രാൻസാക്ഷൻ ഐഡി ക്രിയേറ്റ് ചെയ്തു കൊടുക്കുന്നതു വഴി, ഓൺ ലൈനിൽ ഫീസ് ഒടുക്കുന്നതിന് വാഹനിൽ സംവിധാനം ഉപയോഗപ്പെടുത്താവുന്നതാണ്. ഇതു കൂടാതെ, www.keralamvd.gov.in വെബ് സൈറ്റിലെ, ബാലൻസ് ഫീസ്/അതർ സർവ്വീസ് പേയ് മെന്റ് വിൻേഡായിൽ കൂടിയും ഫോം ജി യുടെ ഫീസ് ഒടുക്കുവാൻ കഴിയുന്നതാണ്.

വിശ്വസ്തതയോടെ

23/3/2020

23/03/20

ജോയിന്റ് ട്രാൻേസ്പാർട്ട് കമ്മീഷണർ
ട്രാൻസ് പോർട്ട് കമ്മീഷണർക്കുവേണ്ടി